# KOLLAMCITY POLICE

https://www.kollamcity.keralapolice.gov.in
https://www.facebook.com/citypolicekollam/
https://twitter.com/KlmCityPolice

Dated : 01/05/ 2019

## ചവറ-കരിത്തുറ കൊലപാതക കേസ്സിലെ എല്ലാ പ്രതികളും അറസ്റ്റിൽ

2015 ആഗസ്റ്റ് മാസം 16-ാം തീയതിയാണ് കേസ്സിനാസ്പദമായ സംഭവം നടന്നത്. ചവറ വില്ലേജിൽ ചെറുശ്ശേരിഭാഗം മുറിയിൽ കാവെള്ളയിൽ വീട്ടിൽ രാജു മകൻ രാഹുലാണ് (വയസ് 26) ആണ് കൊല്ലപ്പെട്ടത്. ഒരു സുഹൃത്തിന്റെ വിവാഹനിശ്ചയ ചടങ്ങിൽ പങ്കെടുത്ത് മടങ്ങി വരുകയായിരുന്ന രാഹുലുമായി ഈ കേസ്സിലെ 1-ാം പ്രതിയായ ചവറ വില്ലേജിൽ കരുത്തറവാർഡിൽ കരിത്തുറ ക്രിസ്ത്യൻ പള്ളിക്ക് വടക്കുവശം സി.എസ് ഡെയിലിൽ വീട്ടിൽ ക്രിസ്റ്റഫർ മകൻ കാക്ക എന്ന് വിളിക്കുന്ന അഖിൻ വയസ് -25, 6-ാം പ്രതിയായ കൊല്ലം തഴുത്തലവില്ലേജിൽ പറക്കുളം ജംഗ്ഷന് സമീപം മനാമ ഹൗസിൽ നാസറുദ്ദീൻ മകൻ നബീൽ വയസ് 25 എന്നിവരുമായി വാക്ക് തർക്കം ഉണ്ടാവുകയും 1-ഉം 6-ഉം പ്രതികൾ അറിയിച്ചതനുസരിച്ച് ബാക്കിയുള്ള 7 പ്രതികൾ സംഭവസ്ഥലത്ത് എത്തി രാഹുലിനേയും വിപിൻ, സന്ദീപ് തുടങ്ങി രാഹുലിനോടൊപ്പം ഉണ്ടായിരുന്നവരെയും മരത്തിന്റെ വേരും മറ്റും കൊണ്ട് അടിച്ച് പരിക്കേൽപ്പിക്കുകയും കടത്തുവള്ളത്തിൽ കയറി രക്ഷപ്പെടാൻശ്രമിച്ച രാഹുലിനെ പ്രതികൾ അടിച്ച് കനാലിൽ വീഴ്ത്തി കൊലപ്പെടുത്തുകയായിരുന്നു. ചവറ പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്യപ്പെട്ട ഈ കേസ്സിലെ 6 പ്രതികളെ ചവറ പോലീസ് നേരത്തെ അറസ്റ്റ് ചെയ്തിരുന്നു. മൂന്ന് പ്രതികളെ കേസ്സിൽ നിന്നും ഒഴിവാക്കി എന്ന ആരോപണത്തെ തുടർന്ന് ബഹു. സിറ്റി പോലീസ് കമ്മീഷണറുടെ ഉത്തരവ് പ്രകാരം ഈ കേസ്സിന്റെ അന്വേഷണം കൊല്ലം സിറ്റി ക്രൈം ബ്രാഞ്ച് ഏറ്റെടുക്കുകയും, കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസി. പോലീസ് കമ്മീഷണർ ആയ ശ്രീ. സർജ്ജു പ്രസാദിന്റെ നേതൃത്വത്തിൽ പ്രത്യേക അന്വേഷണ സംഘം ഏപ്രിൽ മാസം ആദ്യം ഈ കേസ്സിലെ 7-ഉം 8-ഉം പ്രതികളായ ചവറ വില്ലേജിൽ കോവിൽത്തോട്ടം ചേരിയിൽ കോവിൽത്തോട്ടം 132-ാം ഭാഗം ബ്രൂണോ കോട്ടേജിൽ ജോസഫ് മകൻ ബ്രൂണോ വയസ് 28, ചവറ വില്ലേജിൽ കരിത്തുറ വാർഡിൽ കരിത്തുറ പള്ളിക്ക് സമീപം സുബിൻ കോട്ടേജിൽ തോമസ് ജോസഫ് മകൻ സുബിൻ എന്നിവരെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കിയിരുന്നതും, തുടർന്ന് 9-ാം പ്രതിയെ അന്വേഷിച്ചതിൽ ഇയാൾ വിദേശത്തേയ്ക്ക് കടന്നതായി അറിഞ്ഞതനുസരിച്ച് ഇയാളെ പിടികൂടുന്നതിന് ലുക്ക് ഔട്ട് നോട്ടീസ് പുറപ്പെടുവിച്ചിരുന്നതുമാണ്.

ഈ കേസ്സിലെ 9-ാം പ്രതിയായ വടക്കേവിള വില്ലേജിൽ പോളയത്തോട് ചേരിയിൽ പോളയത്തോട് ജംഗ്ഷന് സമീപം റഹുമാനിയ വീട്ടിൽ നസ്സുമുദ്ദീൻ മകൻ നിയാസ് അഹമ്മദ് വയസ് 26 29.04.2019 തീയതി വിദേശത്ത് നിന്നും തിരുവനന്തപുരം വിമാനത്താവളത്തിൽ എത്തിയതായി വിവരം ലഭിക്കുകയാൽ ഇയാളെ പ്രത്യേക അന്വേഷണ സംഘം അറസ്റ്റ് ചെയ്യുകയുണ്ടായി.

കൊല്ലം സിറ്റി പോലീസ് കമ്മീഷണർ ശ്രീ. പി.കെ . മധുവിന്റെ നിർദ്ദേശാനുസരണം കൊല്ലം സിറ്റി ജില്ലാ ക്രൈം ബ്രാഞ്ച് അസി. പോലീസ് കമ്മീഷണർ ആയ ശ്രീ. ജി.സർജ്ജു പ്രസാദിന്റെ നേതൃത്വത്തിൽ എസ്.ഐ.മാരായ ജോസ്, അനിൽകുമാർ, എ.എസ്.ഐ സുരേഷ്കുമാർ സിവിൽ പോലീസ് ഓഫീസർമാരായ പ്രേംകുമാർ, അഭിലാഷ് എന്നിവർ അടങ്ങുന്ന സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

OFFICE OF THE ASST: COMMISSIONER OF POLICE
KOLLAM CITY
DISTRICT CRIME BRANCH

1-5-19

അസി.പോലീസ് കമ്മീഷണർ
ജില്ലാ ക്രൈം ബ്രാഞ്ച്
കൊല്ലം സിറ്റി